**പതിമൂന്നാം കേരള നിയമസഭ**
**ഒൻപതാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. T6089 — 09/07/2013 ൽ മറുപടിക്ക്

## ഇലക്ട്രോണിക് മാലിന്യങ്ങൾ

**ചോദ്യം**

ശ്രീ. എം.എ. ബേബി
" എ. പ്രദീപ് കുമാർ
" സാജു പോൾ
" വി. ശിവൻകുട്ടി

**മറുപടി**

ഉമ്മൻ ചാണ്ടി
മുഖ്യമന്ത്രി

(എ) സംസ്ഥാനത്ത് ഉപേക്ഷിക്കപ്പെടുന്ന ഇലക്ട്രോണിക് മാലിന്യങ്ങൾ (ഇ വേസ്റ്റ്) ഉയർത്തുന്ന വെല്ലുവിളികൾ സംബന്ധിച്ച് പരിശോധിച്ചിട്ടുണ്ടോ;

(എ) പരിശോധിച്ചിട്ടുണ്ട്.

(ബി) പരിസ്ഥിതിക്കും ജനങ്ങളുടെ ആരോഗ്യത്തിനും ഹാനികരമായ ഇലക്ട്രോണിക് മാലിന്യങ്ങൾ ഉയർത്തുന്ന വെല്ലുവിളികളെ നേരിടാൻ സ്വീകരിച്ച നടപടികൾ വെളിപ്പെടുത്താമോ;

(സി) ഇ-വേസ്റ്റ് / സംഭരണവും സംസ്കരണവും റീ-സൈക്കിളിംഗും സംബന്ധിച്ച നിലപാടും നടപടികളും വിശദമാക്കാമോ?

(ബി) & (സി) കേന്ദ്രസർക്കാർ 2011-ൽ വിജ്ഞാപനം ചെയ്ത ഇ-വേസ്റ്റ് (മാനേജ്മെന്റ് ആന്റ് ഹാൻഡലിംഗ്) ചട്ടങ്ങൾ 2012 മേയ് മാസം മുതൽ പ്രാബല്യത്തിൽ വരുത്തിയിട്ടുണ്ട്.

ഇലക്ട്രിക്കൽ, ഇലക്ട്രോണിക്സ് ഉപകരണങ്ങളുടെ ഉപഭോക്താക്കൾ തങ്ങൾ ഉപയോഗിക്കുന്ന ഉപകരണങ്ങൾ പുനഃചംക്രമണം ചെയ്യുന്നതിനോ 'ടേയ്ക്ക് ബാക്ക്' സംവിധാനം വഴി ഉല്പാദകർക്ക് തിരിച്ചുനൽകുകയോ ചെയ്യേണ്ടതാണ്. ഉൽപ്പാദന ഘട്ടത്തിൽ ഉണ്ടാകുന്ന ഇ-വേസ്റ്റും 'എക്സ്റ്റെൻഡഡ് പ്രൊഡ്യൂസർ റെസ്പോൺസിബിലിറ്റി' (extended producer responsibility) പ്രകാരം ഉപഭോക്താക്കളിൽ നിന്നും ശേഖരിക്കുന്ന ഉപയോഗശൂന്യമായ ഇലക്ട്രിക്കൽ, ഇലക്ട്രോണിക്സ് ഉപകരണങ്ങളും നേരിട്ടോ അംഗീകൃത കളക്ഷൻ സെന്ററുകൾ വഴിയോ സുരക്ഷിതമായി പുനഃചംക്രമണ സ്ഥാപനങ്ങളിൽ എത്തിക്കുന്നതിനുള്ള ഉത്തരവാദിത്തവും ഉൽപ്പാദകർക്കാണ്.

ഇത്തരം ഉൽപ്പന്നങ്ങളുടെ ഉൽപാദനം ഇവിടെ നടക്കുന്നില്ലാത്തതിനാൽ ഇത്തരം ഉൽപ്പാദകരെക്കൊണ്ട് മേൽ സംവിധാനങ്ങൾ തയ്യാറാക്കുന്നതിന് ബുദ്ധിമുട്ടുണ്ട്. ഇ-ഉൽപ്പന്നങ്ങൾ കേരളത്തിൽ വിറ്റഴിയുന്നത് വാണിജ്യ സംരംഭകരിലൂടെയാണ് (Whole sale & Retail shops വഴി). ഇവർ സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതി പരിധിയിൽ വരുന്നില്ല. ആയതിനാൽ അവർക്ക് അനുമതി പ്രക്രിയയിലൂടെ ഉപയോഗശേഷമുള്ള ഇ-മാലിന്യം തിരിച്ചെടുക്കുവാനുള്ള സംവിധാനം (take back system) ഏർപ്പെടുത്തിക്കുവാൻ

ബോർഡിൽ നിന്നും കഴിയുകയില്ല. സംസ്ഥാനത്ത് ഇത്തരം വൻകിട ഉൽപ്പാദകർ നിലവിലില്ലെങ്കിലും റീട്ടെയിൽ ഷോപ്പുകൾ വഴി ഇ-വേസ്റ്റ് സുരക്ഷിതമായി നിർമ്മാർജ്ജനം ചെയ്യുമെന്നുറപ്പാക്കാനുള്ള നടപടികൾ ആവശ്യമാണ്.

സംസ്ഥാനത്തെ ഇ-മാലിന്യം ശേഖരിച്ച് അന്യസംസ്ഥാനങ്ങളിലുള്ള ഇ-മാലിന്യ സംസ്കരണ സംവിധാനത്തിന് കൈമാറുന്ന അംഗീകൃത സ്വകാര്യ സംരംഭകർ നിലവിലുണ്ട്. പാലക്കാട് ജില്ലയിൽ കഞ്ചിക്കോട് എർത്ത് സെൻസ് റീസൈക്കിൾ പ്രൈവറ്റ് ലിമിറ്റഡ് എന്ന പേരിൽ ഒരു സ്ഥാപനത്തിന് ഇ-മാലിന്യം ശേഖരിക്കുവാനും, സൂക്ഷിക്കുവാനും തുടർന്ന് ബംഗളൂരുവിലെ 'ഇ-പരിസര' എന്ന പേരിലുള്ള ഇ-മാലിന്യസംസ്കരണ സ്ഥാപനത്തിന് കൈമാറാനും മലിനീകരണ നിയന്ത്രണ ബോർഡ് അനുമതി നൽകിയിട്ടുണ്ട്. കേരള എൻവിറോ ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് എന്ന സ്ഥാപനത്തിന് എറണാകുളം ജില്ലയിൽ ഒരു ഇ-മാലിന്യ ശേഖരണ സംവിധാനം തുടങ്ങുന്നതിനായി സ്ഥാപനാനുമതി നൽകിയിട്ടുണ്ട്. പ്രവർത്തനാനുമതിക്കായി സമർപ്പിച്ച അപേക്ഷ ബോർഡിന്റെ പരിഗണനയിലാണ്. ഇ-മാലിന്യ ശേഖരണത്തിനായി അൽ-അമീൻ ഇൻഡസ്ട്രീസ്, ആലുവ, വേണാട് സ്റ്റീൽ കോർപ്പറേഷൻ, നേമം, തിരുവനന്തപുരം എന്നീ സ്ഥാപനങ്ങൾക്കും ആതറൈസേഷൻ നൽകിയിട്ടുണ്ട്. കൂടാതെ എല്ലാ മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും ഇ-മാലിന്യം വേർതിരിച്ച് ഒരു കേന്ദ്രീകൃത ശേഖരണ സംവിധാനവും അംഗീകൃത സംഭരണ ഏജൻസികൾ മുഖേന അവ അന്യസംസ്ഥാനങ്ങളിലുള്ള സംസ്കരണ കേന്ദ്രങ്ങളിലേക്ക് കൊണ്ടുപോകുന്നതിനുമുള്ള സൗകര്യങ്ങളും ഏർപ്പാടാക്കാനുള്ള നടപടികൾ സർക്കാർ തലത്തിൽ സ്വീകരിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ